**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 2004**

11.02.2020 ൽ
മറുപടിക്ക്

# പിങ്ക് പെട്രോൾ, പിങ്ക് ബീറ്റ് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. യു. പ്രതിഭ,**<br>**ശ്രീ. പി. ഉണ്ണി,**<br>**ശ്രീ. കെ. കുഞ്ഞിരാമൻ,**<br>**ശ്രീ. പുരുഷൻ കടലുണ്ടി** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷയ്ക്കായി പോലീസ് വകുപ്പ് നടപ്പിലാക്കി വരുന്ന പിങ്ക് പെട്രോൾ, പിങ്ക് ബീറ്റ് തുടങ്ങിയ പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്ത് സ്ത്രീകളുടെയും, കുട്ടികളുടെയും സുരക്ഷയ്ക്കായി പോലീസ് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളാണ് പിങ്ക് പട്രോളും, പിങ്ക് ബീറ്റും. പിങ്ക് കൺട്രോൾ റൂമിലെ 1515 ടോൾ ഫ്രീ നമ്പരിൽ പരാതികൾ സ്വീകരിക്കുന്നതിനും, ബീറ്റിനും, പട്രോളിനുമിടയിൽ അറിവാകുന്നതുമായ സ്ത്രീകളെയും കുട്ടികളെയും സംബന്ധിച്ച കാര്യങ്ങളിൽ ഫലപ്രദമായി ഇടപെട്ട് പരിഹാരം കാണുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബസ് സ്റ്റോപ്പ്, ബസ് സ്റ്റാന്റ് തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന പട്രോളിംഗ് വിദ്യാർത്ഥികളുടെയും, സ്ത്രീകളുടെയും നേർക്കുണ്ടാകുന്ന പൂവാലശല്യവും, അതിക്രമങ്ങളും വലിയ തോതിൽ കുറയ്ക്കുന്നതിനും കാരണമായിട്ടുണ്ട്. കൂടാതെ സ്കൂളുകളിൽ കയറാതെയും മറ്റും കറങ്ങി നടക്കുന്ന കുട്ടികളുടെ രക്ഷിതാക്കളെ വിവരം അറിയിക്കുകയും, ഇത്തരത്തിലുള്ള പ്രവണതകളിൽ നിന്നും കുട്ടികളെ അകറ്റി നിർത്തുന്നതിനുള്ള പ്രവർത്തനം ചെയ്തുവരികയും ചെയ്യുന്നു. വഴിയരികിൽ അശരണരായി കിടക്കുന്ന സ്ത്രീകളെയും മറ്റും ആശുപത്രികളിൽ എത്തിച്ച് ആതുര സേവനം ലഭ്യമാക്കിയും ഓർഫനേജുകളിൽ എത്തിച്ചും ജനോപകാര പ്രദമായ പ്രവർത്തനങ്ങളിൽ പിങ്ക് പോലീസ് ശ്രദ്ധപുലർത്തുന്നുണ്ട്. സ്ത്രീകൾക്ക് നേരെയുള്ള molestation, വീടുകളിൽ സ്ത്രീകൾ നേരിടുന്ന പീഡനങ്ങൾ, മദ്യപിച്ച് സ്ത്രീകളെ ശല്യം ചെയ്യൽ, കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ എന്നീ തരത്തിലുള്ള കേസുകളിൽ പിങ്ക് പോലീസ് ഇടപെട്ട് നടപടികൾക്കായി പോലീസ് സ്റ്റേഷനുകളിലോ, ബന്ധപ്പെട്ട മറ്റ് അധികാര സ്ഥാനങ്ങളിലോ ഏൽപ്പിച്ച് സേവനം ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| **(ബി)** നിർഭയ വോളണ്ടിയർമാരുടെ നേതൃത്വത്തിൽ സ്ത്രീകളെ സ്വയരക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിന് സെൽഫ് ഡിഫൻസ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | നിർഭയ വോളണ്ടിയർമാരുടെ നേതൃത്വത്തിൽ സ്ത്രീകളെ സ്വയരക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിന് സെൽഫ് ഡിഫൻസ് ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്. എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലും സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ പോലീസിനെ സഹായിക്കുന്നതിനായി നിർഭയ വോളണ്ടിയർമാരെ തിരഞ്ഞെടുക്കുകയും അത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട വനിതകൾക്ക് പ്രത്യേകം പരിശീലനം നൽകുകയും ചെയ്യുന്നു. ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത് സ്ത്രീകളിൽ അവബോധം ഉണ്ടാക്കുക, ഭയം അകറ്റുക, ആവശ്യക്കാരുടെ അടുത്ത് എത്രയും വേഗം എത്തിചേർന്ന് അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യുക, കൗൺസിലിംഗ് നൽകുക, വിചാരണകാലത്ത്, മനശാസ്ത്രപരമായ ശ്രദ്ധ നൽകുക എന്നിവയാണ്. സ്കൂളുകൾ, കോളേജുകൾ, വനിതാ ഹോസ്റ്റലുകൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് സെൽഫ് ഡിഫൻസ് ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. |
| **(സി)** വനിതകൾക്കുണ്ടാകുന്ന പരാതികൾ സ്വീകരിക്കുന്നതിനും അവ യഥാസമയം പരിഹരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; | (സി) | വനിതകൾക്കുണ്ടാകുന്ന പരാതികൾ സ്വീകരിക്കുന്നതിനും അവ യഥാസമയം പരിഹരിക്കുന്നതിനും എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിച്ചുവരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈനും, വനിതാ സെല്ലും പരാതികൾ സ്വീകരിച്ച് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ചുള്ള പരാതികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ വനിതാ പോലീസുദ്യോഗസ്ഥർ ആഴ്ചയിൽ ഒരിക്കൽ പഞ്ചായത്ത് ഓഫീസ് സന്ദർശിച്ച് ലഭിക്കുന്ന പരാതികൾക്ക് നടപടി സ്വീകരിച്ചു വരുന്നതും നിയമ പരിരക്ഷയെ സംബന്ധിച്ച് ബോധവൽക്കരണവും നടത്തി വരുന്നതുമാണ്. |
| (ഡി) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) | തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിനായി ബഹു. സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം എല്ലാ തൊഴിൽ സ്ഥലങ്ങളിലും Complaints Redressal committee against Sexual harassment of women at work place രൂപീകരിച്ചിട്ടുള്ളതും ഈ കമ്മിറ്റി മാസത്തിലൊരിക്കൽ തൊഴിലാളികളുടെ സാന്നിധ്യത്തിൽ മീറ്റിംഗ് കൂടുന്നതും, ആയതിന്റെ മിനിറ്റ്സ് വനിതാ സെൽ സർക്കിൾ ഇൻസ്പെക്ടർ പരിശോധിക്കുന്നതുമാണ്. കൂടാതെ സെൽഫ് ഡിഫൻസ് ട്രെയിനിംഗ് നൽകുകയും ചെയ്യുന്നുണ്ട്. |

| | | |
|---|---|---|
| **(ഇ)** പോലീസ് വകുപ്പ് ജനമൈത്രി സമിതികൾ റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവയുടെ സഹകരണത്തോടെ ഇതു സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നുണ്ടോ; വിശദാംശം നൽകുമോ ? | **(ഇ)** | ജനമൈത്രി സമിതികൾ, റസിഡന്റ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ